പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

11.06.2012-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ .79

# കൊല്ലം ജില്ലയിലെ പരവൂരിൽ മിനി ഫിഷിംഗ് ഹാർബർ നിർമ്മാണം

ചോദ്യം | മറുപടി

| | | | |
|---|---|---|---|
| | ശ്രീ. ജി. എസ്. ജയലാൽ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | കൊല്ലം ജില്ലയിലെ പരവൂർ തെക്കുംഭാഗം പ്രദേശത്ത് മിനി ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | നടപടി സ്വീകരിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ സൗത്ത് പരവൂരിൽ മിനി ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിനു വേണ്ടി പഠനങ്ങൾ നടത്തുന്നതിനായി 12 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ഇതനുസരിച്ച് ഹൈഡ്രോഗ്രാഫിക്ക്സർവ്വേ ഡിപ്പാർട്ടുമെന്റ് മുഖേന Bathematerical survey നടത്തുകയുണ്ടായി. കൂടാതെ tidal observation തുടങ്ങിയ ഇൻവേസ്റ്റിഗേഷൻ പ്രവൃത്തികൾ ചെയ്യുകയുമുണ്ടായി. എന്നാൽ പിന്നീട് ചില്ലിക്കൽ എന്ന സ്ഥലം ഒഴിവാക്കി സൗത്ത് പരവൂർ എന്ന സ്ഥലത്ത് ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിന് സർക്കാർ അനുമതി നൽകുകയുണ്ടായി. അതനുസരിച്ച് ടി സ്ഥലത്ത് പ്രാഥമിക സാധ്യതാ പഠനം നടത്തിയ റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരികയുമാണ്. |

| | | | |
|---|---|---|---|
| (ബി) | ഫിഷിംഗ്ഹാർബർ നിർമ്മിക്കുന്നതിലേക്കായുള്ള സാദ്ധ്യതാപഠനം എന്നാണ് ആരംഭിക്കുന്നതെന്നും, അതിലേക്ക് എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ; | (ബി) | ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിലേക്കായുള്ളസാദ്ധ്യതാപഠനത്തിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി പുറപ്പെടുവിച്ച ഭരണാനുമതിയിൽ 12 ലക്ഷം രൂപയാണ് അനുവദിച്ചിരുന്നത്. എന്നാൽ കേന്ദ്ര സർക്കാർ, പരിസ്ഥിതി പഠനം അക്രഡിറ്റഡ് ഏജൻസികൾ മുഖേന മാത്രം നടത്തണം എന്ന നിബന്ധന കർശനമാക്കിയിരിക്കയാണ്. ഇതിനുള്ള ചെലവ് 20 ലക്ഷത്തോളം രൂപ വേണ്ടി വരുമെന്നതിനാൽ പുതുക്കിയ 2010 ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരമുള്ള 40 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് പുതുക്കിയ ഭരണാനുമതിക്കായി ചീഫ് എഞ്ചിനീയർ സമർപ്പിച്ചത് സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | സാദ്ധ്യതാപഠനം നടത്തുന്നത് ഏത് ഏജൻസിയാണെന്നും പഠനത്തിൽ എന്തൊക്കെ വിവരങ്ങളാണ് പ്രധാനമായുംഉൾക്കൊള്ളിച്ചിട്ടുള്ളതെന്നും വെളിവാക്കാമോ ? | (സി) | കേന്ദ്രസർക്കാർ സ്ഥാപനമായ CWPRS മുഖേനയാണ് സാദ്ധ്യതാ പഠനം നടത്താനുദ്ദേശിക്കുന്നത്. ഇത്തരം പഠനത്തിൽ പ്രധാനമായും മാതൃകാ പഠനം, പാരിസ്ഥിതിക ആഘാത പഠനംതുടങ്ങിയവ ഉണ്ടാകുന്നതാണ്. |